**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6000** **09-07-2024 - ൽ മറുപടിയ്ക്ക്**

**ഒരു ജില്ല ഒരു ഉൽപ്പന്നം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഒരു ജില്ല ഒരു ഉല്പന്നം പദ്ധതിയിൽ കാസർഗോഡിന്റെ ഉല്പന്നമായി ചക്ക തെരഞ്ഞെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര വർഷം മുമ്പാണ് തെരഞ്ഞെടുത്തത്; | (എ) | കേന്ദ്രസർക്കാരിന്റെ പദ്ധതിയായ ഒരു ജില്ല ഒരു ഉൽപ്പന്നം (ODOP) പദ്ധതിയിൽ കാസർഗോഡിന്റെ ഉൽപ്പന്നമായി ചക്ക തെരഞ്ഞെടുത്തിട്ടുണ്ട്.<br><br>2 വർഷം മുൻപ്. |
| (ബി) | അതിനോടനുബന്ധിച്ച് എന്തെല്ലാം പരിപാടികളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്നും പ്രസ്തുത പരിപാടികൾ പ്രാവർത്തികമാക്കുന്നതിന് ചെയ്തിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ; | (ബി) | ചക്കയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രദർശനവും വിപണനവും കാസർഗോഡ് മുൻസിപ്പൽ ഹാളിൽ നടത്തിയിട്ടുണ്ട്. കൂടാതെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലന ക്ലാസുകൾ പടന്നക്കാട് കാർഷിക കോളേജിൽ വെച്ച് നടത്തിയിട്ടുണ്ട്. ചക്കയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദന യൂണിറ്റുകളെ PMFME സ്കീം പ്രകാരവും, ജില്ലാ വ്യവസായ കേന്ദ്രം വഴി നടപ്പാക്കുന്ന പദ്ധതികളിലൂടെയും പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തുമായി ചേർന്ന് ചക്ക കൺസോർഷ്യം രൂപീകരിക്കാനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്. |
| (സി) | ജില്ലയിൽ എത്ര ടൺ ചക്ക ഉല്പാദിപ്പിക്കപ്പെടുന്നുണ്ടെന്ന കണക്ക് ശേഖരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ജില്ലയിൽ ഒരു വർഷം ശരാശരി 260 മെട്രിക് ടൺ ചക്ക ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്. |
| (ഡി) | ഈ സീസണിലും കാസർഗോഡ് ജില്ലയിൽ ധാരാളം ചക്ക പാഴായി പോയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുറഞ്ഞത് 100 ടൺ ചക്ക എങ്കിലും ജില്ലയിൽ പാഴായി പോകുന്നു എന്ന സംരക്ഷക സംഘടനകളുടെയും ചെറു സംരംഭങ്ങൾ നടത്തുന്നവരുടെയും കണക്ക് ശരിയാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധിക്കുമോ; | (ഡി) | ജില്ലയിൽ ചക്ക പാഴായി പോകുന്നത് നിയന്ത്രിക്കുന്നതിന് കൂടിയാണ് ചക്കയിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന് പരിശീലനവും ധനസഹായവും നൽകി വരുന്നത്. കൂടാതെ ബോധവൽക്കരണ പരിപാടികളിലൂടെ ചക്ക പാഴാക്കുന്ന പ്രവണത കുറയ്ക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്. |
| (ഇ) | മൂല്യ വർധിത ഉല്പന്നങ്ങൾ ചക്കയിൽ നിന്ന് ഉണ്ടാക്കിയെങ്കിലും അത് വിൽക്കാതെ | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | പോകുന്നുവെന്നത് ശരിയാണോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പരിഹാരമാർഗങ്ങൾ വിശദമാക്കുമോ; ഒരു ജില്ല ഒരു ഉല്പന്നം പദ്ധതിയുടെ ഭാഗമായി റെയിൽവേ സ്റ്റേഷനിൽ സ്ഥാപിച്ച സ്റ്റാളിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | | വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന വിപണനമേളകളിലും എക്സിബിഷനുകളിലും ഇത്തരം യൂണിറ്റുകൾക്ക് പ്രത്യേക പരിഗണന നൽകി വരുന്നുണ്ട്. ഓൺലൈൻ സംവിധാനത്തിലൂടെ വില്പന ആഗ്രഹിക്കുന്ന സംരംഭകർക്ക് ഓപ്പൺ നെറ്റ്‌വർക്ക് ഫോർ ഡിജിറ്റൽ കോമേഴ്‌സ് (ONDC) പോർട്ടൽ വഴി onboard ചെയ്യുന്നതിനുള്ള സഹായവും ജില്ലാ വ്യവസായ കേന്ദ്രം വഴി നൽകുന്നുണ്ട്.<br><br>കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ "ഒരു സ്റ്റേഷൻ ഒരു ഉൽപ്പന്നം" എന്ന പദ്ധതി "ഒരു ജില്ല ഒരു ഉൽപന്നം" പദ്ധതിയുമായി ബന്ധപ്പെട്ടതല്ല. |
| (എഫ്) | ചക്കയുടെ ഉല്പാദനവും വിതരണവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ചക്കയെ സംസ്ഥാനത്തിന്റെ ഔദ്യോഗിക ഫലമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരുന്നെങ്കിലും ചക്കയുടെ സംരക്ഷണത്തിനും സംഭരിക്കലിനും ജില്ലാ വ്യവസായ കേന്ദ്രം നടപടികൾ എടുത്തില്ലെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | (എഫ്) | ഇല്ല;<br><br>"ഒരു ജില്ല ഒരു ഉൽപന്നം" പദ്ധതിയിൽ കാസർഗോഡ് ജില്ലയുടെ ഉൽപ്പന്നമായി ചക്കയെ തെരഞ്ഞെടുത്തിരിക്കുന്നത് പ്രസ്തുത ഉൽപന്നത്തിന്റെ മൂല്യവർദ്ധനയെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ്. ചക്കയിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിന് ആവശ്യമായ നടപടികൾ ജില്ലാ വ്യവസായകേന്ദ്രം വഴി സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ